ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹം എനിക്ക് തന്ന മെമ്മോറാണ്ടത്തിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നു. അവിടെ സൗകര്യമുണ്ടെന്നു അദ്ദേഹം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഷിഫ്റ്റ് സമ്പ്രദായം അബോളിഷ് ചെയ്യാൻ ഓർഡർ കൊടുത്തിട്ടുണ്ട്. അത് ആ സ്കൂളുകളിൽ തന്നെയാണെങ്കിൽ ആ ഓർഡർ ഇംപ്ലിമെന്റു ചെയ്യുന്നതാണ്. അവിടെ സ്ഥലസൗകര്യമുണ്ടെങ്കിൽ തീർച്ചയായും ഷിഫ്റ്റ് അവസാനിപ്പിക്കും. ഗവൺമെന്റ് ഒരു നയമായിട്ട് എടുത്തിരിക്കുന്നത് നമ്മുടെ സ്കൂളുകളിൽ നിലവിലിരിക്കുന്ന ഷിഫ്റ്റും സെഷണൽ സിസ്റ്റവും എത്രയും പെട്ടന്ന് അവസാനിപ്പിക്കണമെന്നാണ്. സ്ഥലസൗകര്യം മാത്രമേ അതിന് ഒരു മാനദണ്ഡമായി എടുക്കുന്നുള്ളൂ. അഡീഷണൽ പോസ്റ്റ് ഞങ്ങൾ ഒരു പ്രശ്നമാക്കുന്നില്ല. അതുകൊണ്ട് സ്ഥലസൗകര്യമുണ്ടെങ്കിൽ തീർച്ചയായും ആ കാര്യം ചെയ്യാം.

കാലം ഇല്ലാത്തതിനാൽ പിരിച്ചുവിട്ട സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകൾ

* 111. [113] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള :

,, കോടിയേരി ബാലകൃഷ്ണൻ :

,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :

,, ഒ. ഭരതൻ :

,, പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നോമിനേറ്റ് ചെയ്യപ്പെട്ട അംഗങ്ങൾ രാജിവച്ചതുകൊണ്ട് കാലം ഇല്ലെന്ന കാരണത്താൽ സംസ്ഥാനത്തെ ഏതെങ്കിലും സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡ് പിരിച്ചു വിട്ടിട്ടുണ്ടോ ;

(ബി) സഹകരണ സ്ഥാപനങ്ങളിൽ ഡിപ്പാർട്ടുമെന്റ് നോമിനേറ്റ് ചെയ്ത അംഗങ്ങൾ രാജിവെച്ചാൽ പകരം അംഗങ്ങളെ നോമിനേറ്റ് ചെയ്യാറുണ്ടോ ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) ഒരു സഹകരണ സംഘത്തിന്റെ കമ്മിറ്റിക്ക് കോറമില്ലാതെ വന്നാൽ ആ കമ്മിറ്റിയെ പിരിച്ചുവിടുന്ന പ്രശ്നമേ ഉദിക്കുന്നില്ല. കോറമില്ലാതെ വരുന്ന സമയം മുതൽ കമ്മിറ്റിയിൽ ശേഷിച്ച അംഗങ്ങൾ നിയമനുസൃതമായ കമ്മിറ്റി അല്ലാതായിത്തീരുന്നതും, സ്വയമേവതന്നെ നിലനില്പില്ലാതായി തീരുന്നതുമാണ്. ഇപ്രകാരം നിയമാനുസൃതം നിലനില്പില്ലാതായ കമ്മിറ്റിക്കുള്ള സഹകരണ സംഘങ്ങളിലെ ഭരണസ്തംഭനം ഒഴിവാക്കാൻ രജിസ്ട്രാർ സഹകരണ നിയമത്തിലെ 33-ാം വകുപ്പ് (1)-ാം ഉപവകുപ്പനുസരിച്ച് ഒരു താല്ക്കാലിക ഏർപ്പാടെന്ന നിലയിൽ മറ്റൊരു തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയെ സംഘടിപ്പിക്കുന്നതുവരെ അഡ്മിനിസ്ട്രേറ്ററേയോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയേയോ നിയമിക്കാറുണ്ട്. കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന്റെ ഭരണ സമിതിയിലെ സർക്കാർ നോമിനികളായ രണ്ട് അംഗങ്ങളും ഒരു തെരഞ്ഞെടുക്കപ്പെട്ട അംഗവും രാജിവച്ചതിനെത്തുടർന്ന് ഭരണ സമിതിയുടെ കാലം നഷ്ടപ്പെട്ടുവെന്നു കണ്ടതിനെത്തുടർന്ന് ബാങ്കിൽ ഭരണസ്തംഭനം ഒഴിവാക്കണമെന്ന ഉത്തമവിശ്വാസത്തോടുകൂടി കേരള സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

സംഘം നിയമത്തിലെ 33-ാം വകുപ്പിലെ 1-ാം ഉപവകുപ്പനുസരിച്ച് കണ്ണൂർ സഹകരണസംഘം ജോയിന്റ് രജിസ്ട്രാറെ കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന്റെ പാർട്ട്-ടൈം അഡ്മിനിസ്ട്രേറ്ററായി 26-8-1986-ൽ നിയമിക്കുകയുണ്ടായി. മറ്റ് ഏതെങ്കിലും സഹകരണ സ്ഥാപനങ്ങളിൽ കോടതി നഷ്ടപ്പെട്ട സാഹചര്യത്തിൽ അഡ്മിനിസ്ട്രേറ്റർഭരണം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരം ശേഖരിച്ചുവരുന്നു.

(ബി) അർഹിക്കുന്ന കേസുകളിൽ അപ്രകാരം ചെയ്യാറുണ്ട്.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : നോമിനേഷൻ സമ്പ്രദായം അവസാനിപ്പിക്കണമെന്ന് തിരുവനന്തപുരത്തു ചേർന്ന നാലാമത് സഹകരണ കോൺഗ്രസ് ശുപാർശ ചെയ്തിട്ടുണ്ടോ ? അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി ഈ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ടോ ?

ശ്രീമതി എം. കമലം : തിരുവനന്തപുരത്തു ചേർന്ന സഹകരണ കോൺഗ്രസ്സിൽ അങ്ങനെ ഒരു അഭിപ്രായം പൊന്തിവന്നിട്ടുണ്ട്. അതിനെ സംബന്ധിച്ച് വ്യക്തമായ തീരുമാനങ്ങളും ഗവൺമെന്റ് എടുത്തിട്ടില്ല.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന്റെ ഡയറക്ടർ ബോർഡ് പിരിച്ചുവിടാനിടയായ സാഹചര്യത്തെ സംബന്ധിച്ച് മന്ത്രി ഇവിടെ സൂചിപ്പിച്ചു. ആ ഡയറക്ടർ ബോർഡ് പിരിച്ചുവിട്ടതിനെ സംബന്ധിച്ച് ഹൈക്കോടതിയിൽ ഏതെങ്കിലും കേസ് നിലവിലുണ്ടായിരുന്നോ, അതിൽ വിധി പ്രസ്താവിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആ വിധിന്യായത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് ഒന്നു വ്യക്തമാക്കാമോ ?

ശ്രീമതി എം. കമലം : കണ്ണൂർ ജില്ലാ സഹകരണബാങ്ക് ഗവൺമെന്റ് പിരിച്ചുവിട്ടിട്ടില്ല എന്ന് ഞാനീ സഭയിൽ വ്യക്തമാക്കുകയുണ്ടായി. കാറം ഇല്ലാതായതിനെത്തുടർന്ന് സ്വയമേവ നിലനില്പില്ലാതെ പോവുകയാണുണ്ടായത്. തെരഞ്ഞെടുക്കപ്പെട്ട രണ്ട് അംഗങ്ങൾ രാജിവെച്ചുപോയി. രണ്ടു പേർ, കാസർകോട് ജില്ലാ ബാങ്ക് രജിസ്ട്രാർ ചെയ്തതോടുകൂടി രണ്ടു താലൂക്കുകൾ കാസർകോട് ജില്ലാ ബാങ്കിലേക്ക് ചേർന്നതിന്റെ ഫലമായി കണ്ണൂർ ജില്ല ബാങ്ക് തന്നെ 8-6-1986-ന് അവരുടെ 27-ാം നമ്പർ തീരുമാനമായി ഈ രണ്ട് അംഗങ്ങളുടെ അംഗത്വം അവസാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെയാണ് അവിടെ ഭൂരിപക്ഷം നഷ്ടപ്പെട്ടത്, കാറം ഇല്ലാതായത്. അങ്ങനെ രണ്ടു നോമിനികളെ രാജിവച്ചതുകൊണ്ട് കാറം ഇല്ലാതായതാണ്. അതല്ലാതെ പിരിച്ചുവിട്ടിട്ടില്ല. രജിസ്ട്രാറുടെ ഉത്തരവിന് എതിരായി അതിനെ ചോദ്യം ചെയ്തുകൊണ്ട് കണ്ണൂർ ജില്ല ബാങ്കിന്റെ പ്രസിഡന്റായിരുന്ന ശ്രീ. പിണറായി വിജയൻ കോടതിയിൽ ചോദ്യം ചെയ്യുകയും അതനുസരിച്ച് കോടതിയിൽനിന്ന് വിധി വരുകയും ചെയ്തു. അതനുസരിച്ചുള്ള കാറം 6 പേരാണ്. ജില്ലാ ബാങ്കിന്റെ ബൈലാ അനുസരിച്ച് 6 പേരാണ് കാറം. അതിൽ ഇപ്പോൾ 5 പേരേയുള്ളൂ. ആ അഞ്ചുപേർ തുടരണമെന്ന് ശ്രീ. പിണറായി വിജയന്റെ ആക്ഷേപത്തെ തുടർന്ന് കോടതി വിധിക്കുകയും അതനുസരിച്ച് അവർ തുടരുകയുമാണ്.

ശ്രീ കോടിയേരി ബാലകൃഷ്ണൻ : കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന്റെ ഭരണസമിതിയിലെ നോമിനേറ്റ് ചെയ്ത രണ്ടു ഡയറക്ടർമാരെ കൊണ്ട് രാജിവയ്പ്പിക്കുകയും മറ്റൊരു മെമ്പറുടെ മെമ്പർസ്ഥാനം നഷ്ടപ്പെടുത്താൻവേണ്ടി അയാളെ തെരഞ്ഞെടുക്കപ്പെട്ട സഹകരണ സ്ഥാപനത്തിൽ നിന്നു രാജി വയ്പിക്കുകയും ചെയ്തു. അങ്ങനെ ആ ബോർഡിന്റെ കാറം

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതാക്കി, ആ ബോർഡിന്റെ കടാരം നഷ്ടപ്പെടുത്താൻ ഇടയാക്കിയത് ഗവൺമെന്റുതന്നെ നേരിട്ട് നിർദ്ദേശം കൊടുത്തതിന്റെ ഫലമായിട്ടല്ലേ ? അങ്ങനെ ചെയ്തതുകൊണ്ടല്ലേ ഇത്തരത്തിൽ കോടതി ഇടപെട്ടുകൊണ്ട് ആ ബോർഡിന് തുടരാൻ ഉത്തരവ് കൊടുത്തിട്ടുള്ളത് ? ഗവൺമെന്റിന്റെ ഈ നടപടിയെ പരസ്യമായി അംഗീകരിക്കുന്നില്ല, സഹകരണനിയമത്തിനു വിരുദ്ധമായിട്ട് ഗവൺമെന്റ് പെരുമാറുന്നുവെന്നതിന്റെ ഏറ്റവും ഉദാത്തമായ ഉദാഹരണമല്ലേ എന്നാണ് എനിക്കു ചോദിക്കുവാനുള്ളത്.

ശ്രീമതി എം. കമലം : കോടതി വിധിപ്രകാരം ഇപ്പ് ഡയറക്ടർ ബോർഡ് തുടരുകയാണ്. ഗവൺമെന്റ് ഈ കാര്യത്തിൽ ഇടപെട്ടിട്ടില്ല. കേരളത്തിൽ ധാരാളം സംഘങ്ങളുണ്ട്. ഈ സഹകരണ സംഘങ്ങളിൽ നിന്നൊക്കെ തെരഞ്ഞെടുക്കപ്പെട്ടയാളുകളെ രാജിവച്ചിട്ടുണ്ട്. ഡിസ്കാളിഫൈഡായിട്ടു പോകുന്നുണ്ട്. അതാത് സഹകരണസംഘങ്ങളിലെ അംഗങ്ങൾക്ക് പരമാധികാരമുണ്ട്. അതിനൊക്കെ അവർക്ക് അവകാശമുണ്ട്. അതിനുള്ള സ്വാതന്ത്ര്യം ഉണ്ട്. അക്കാര്യങ്ങളെ ഗവൺമെന്റ് പറയേണ്ട കാര്യമൊന്നുമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഗവൺമെന്റ് ഇടപെട്ടുകൊണ്ട് സഹകരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട ഡയറക്ടർബോർഡുകളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. അങ്ങനെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഉണ്ടാക്കിയാൽ ആ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി യാതൊരു നിയമനവും നടത്തരുതെന്ന് കോ-ഓപ്പറേറ്റീവ് രജിസ്ട്രാർ വ്യക്തമായ കല്പന പുറപ്പെടുവിച്ചിട്ടും തലശ്ശേരി പബ്ലിക് സർവീസസ് സഹകരണ ബാങ്കിൽ പുതിയതായി ചാർജ്ജ് എടുത്ത അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി പുതിയതായി ആറു പേരെ 20,000 രൂപ വീതം വാങ്ങിക്കൊണ്ട് നിയമിച്ചതായ വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളെ രൂപീകരിക്കുന്നതുതന്നെ ഇതിനുവേണ്ടിയാണെന്ന് പറഞ്ഞാൽ അത് നിഷേധിക്കാമോ ?

ശ്രീമതി എം. കമലം : അങ്ങനെ ഒരു നിയമനം നടന്നതായി ഗവൺമെന്റിന്റെ മുൻപിൽ ബഹുമാനപ്പെട്ട മെമ്പറോ മറ്റ് ആരെങ്കിലുമോ പരാതി തന്നിട്ടില്ല. ഇങ്ങനെയൊരു വിവരം ഗവൺമെന്റിന്റെ മുൻപിലില്ല. അങ്ങനെയൊരു നിയമനം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ അഡ്മിനിസ്ട്രേറ്റരോ നടത്താൻ പാടില്ലെന്നുള്ളതാണ് ഗവൺമെന്റിന്റെ തീരുമാനം. അവർ നിയമനം നടത്തിക്കൂടായെന്ന് രജിസ്ട്രാർ വളരെ ശക്തമായ ഉത്തരവ് കൊടുത്തിട്ടുണ്ട്. അങ്ങനെയൊരു നിയമനം നടത്തിയിട്ടുണ്ടെങ്കിൽ അതിനെതിരായി ശക്തമായ നടപടിയെടുക്കും.

ശ്രീ. ഒ. ഭരതൻ : നോമിനേറ്റു ചെയ്യപ്പെട്ടിട്ടുള്ള മെംബർമാർ രാജിവച്ചാൽ ആ ഡയറക്ടർ ബോർഡ് പിരിച്ചുവിടുന്നതിനു പകരം പുതിയ ആളുകളെ നോമിനേറ്റു ചെയ്യണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീമതി എം. കമലം : ഞാൻ ആവർത്തിച്ചു പറയുന്നു ഗവൺമെന്റ് ആ സംഘം പിരിച്ചുവിട്ടിട്ടില്ല. ഒരു സംഘവും അംഗത്വം നഷ്ടപ്പെട്ടതിന്റെ പേരിൽ പിരിച്ചുവിട്ടിട്ടില്ല. കടാരം ഇല്ലാത്തതിന്റെ പേരിലാണ്.....

ശ്രീ. ഒ. ഭരതൻ : ഞാൻ ചോദിക്കുന്നത് നോമിനേറ്റുചെയ്യപ്പെട്ടിട്ടുള്ള മെംബർമാർ രാജിവയ്ക്കുകയാണെങ്കിൽ കടാരം തികയുന്നില്ലെന്നു പറഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

ഡയറക്ടർ ബോർഡ് പിരിച്ചുവിടുന്നതിനു പകരം പുതിയ ആളുകളെ നോമിനേറ്റു ചെയ്തത് കാരണം ഉണ്ടാക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീമതി എം. കമലം : ഒരു സംഘത്തിലും ബോർഡ് നോമിനികളെ പിൻവലിച്ചതിന്റെ പേരിൽ ഗവൺമെന്റ് പിരിച്ചുവിട്ടിട്ടില്ല. ഹൈക്കോടതിയിൽ നിന്നും നോമിനികളെ തിരിച്ചുവയ്ക്കുന്നതിന് നിർദ്ദേശം ഉണ്ടായിട്ടുണ്ട്. അതനുസരിച്ച് എല്ലാ സംഘങ്ങളിലും നോമിനേഷൻ വീണ്ടും കൊടുത്തിട്ടുണ്ട്.

.....(ബഹളം).....

ശ്രീ. കെ. പങ്കജാക്ഷൻ : ഇങ്ങനെയൊക്കെ മറുപടി പറഞ്ഞാൽ ഞങ്ങളെന്തു ചെയ്യും ?

ശ്രീ. ഒ. ഭരതൻ : ഞാൻ ചോദിക്കുന്നത്, നോമിനേറ്റു ചെയ്യപ്പെട്ടിട്ടുള്ള മെംബർമാർ രാജിവയ്ക്കുകയാണെങ്കിൽ അതിന്റെ ഫലമായിട്ട് കാരംതികയാതെ വരികയാണെങ്കിൽ പുതിയ ആളുകളെ നോമിനേറ്റ് ചെയ്തല്ലാതെ ഡയറക്ടർ ബോർഡ് പിരിച്ചുവിടാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും നിർദ്ദേശിച്ചിട്ടുണ്ടോയെന്നാണ് ?

ശ്രീമതി എം. കമലം : ചില സഹകരണ സംഘങ്ങളിൽ നോമിനികളെ രാജിവെച്ചുപോയപ്പോൾ ഭൂരിപക്ഷം പോയതുകൊണ്ട് അങ്ങനെ വിധി ഉണ്ടായിട്ടുണ്ട്. ചില സഹകരണ ബാങ്കുകളിൽ ഭൂരിപക്ഷം പോയപ്പോൾ കോടതിയിൽനിന്നും വിധി അങ്ങനെ ഉണ്ടായിട്ടുണ്ട്. അതനുസരിച്ച് വീണ്ടും നോമിനികളെ കൊടുത്തിട്ടുണ്ട്. കണ്ണൂർ ജില്ലാ ബാങ്കിനെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു വിധി ഉണ്ടായിട്ടില്ല.

.....(ബഹളം).....

മി. സ്പീക്കർ : മി. ഭരതൻ, ചില കേസ്സുകളിൽ അങ്ങനെ വിധി ഉണ്ടായിട്ടുണ്ടെന്നു മിനിസ്റ്റർ ഇവിടെ പറഞ്ഞില്ലേ ?

ശ്രീ. ഒ. ഭരതൻ : കണ്ണൂർ ജില്ലാ സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഡയറക്ടർ ബോർഡ് പിരിച്ചുവിട്ടുകൊണ്ടുള്ള നടപടി തികച്ചും നിയമവിരുദ്ധം ആയിട്ടുള്ള നടപടിയാണെന്ന് ഹൈക്കോടതി വിധിച്ചത് ബഹുമാനപ്പെട്ട സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീമതി എം. കമലം : ജില്ലാ ബാങ്കിന്റെ കാര്യം അവരുടെ ബൈലായിൽ തന്നെ പറയുന്നത് 6 പേരാണ്. അതിൽ ഇപ്പോൾ അഞ്ചു പേരെയുള്ളു. കോടതി എന്താണോ പറയുന്നത് അതനുസരിച്ച് ഗവൺമെന്റ് ആ 5 അംഗങ്ങളെത്തന്നെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. അവരാണ് ഇപ്പോഴും ഭരണത്തിൽ തുടരുന്നത്. ..... (ബഹളം .....)

മി. സ്പീക്കർ : മി. ഭരതൻ, എന്താണ് ചോദ്യം ? കോടതി വിധിയെക്കുറിച്ചാണോ ചോദിക്കുന്നത് ? മിനിസ്റ്റർ പറയാനുള്ളത് പറയട്ടെ.

ശ്രീ. ഒ. ഭരതൻ : എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ അറിവിലുള്ള എല്ലാകാര്യങ്ങളും അറിയണമെന്ന താൽപ്പര്യമില്ല. എനിക്കറിയേണ്ടത് കണ്ണൂർ ജില്ലാ സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഡയറക്ടർ ബോർഡ് പിരിച്ചുവിട്ട് നടപടി തികച്ചും നിയമവിരുദ്ധമാണെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി. എം. കമലം : ഇക്കാര്യം ബഹുമാനപ്പെട്ട ഹൈക്കോടതിയിലും സുപ്രീം കോടതിയിലുമൊക്കെ കിടക്കുന്ന കാര്യങ്ങളാണ്. സബ് ജുഡീസ് ആകേണ്ട കാര്യമാണ്. അതിനെക്കുറിച്ചൊന്നും പരാമർശിക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല. കോടതിയിൽ കിടക്കുന്ന കാര്യങ്ങളാണെന്ന് ഞാൻ പറഞ്ഞു കഴിഞ്ഞു. കണ്ണൂർ ജില്ലാ ബാങ്ക് ഡയറക്ടർ ബോർഡ് പിരിച്ചുവിട്ടിട്ടില്ല. നോമിനികളെ തിരിച്ചെടുക്കണമെന്നുള്ള ഒരു ഉത്തരവും ഇല്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : അറിഞ്ഞുകൂടെങ്കിൽ അറിഞ്ഞുകൂടെന്നു പറയണം.

മി. സ്പീക്കർ : ഹൈക്കോടതിയിൽനിന്നും എന്തെങ്കിലും പറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി എം. കമലം : ഹൈക്കോടതിയിൽ നിന്നും എന്തെങ്കിലും പറഞ്ഞിട്ടുള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : സഹകരണസംഘങ്ങളിലെ ഡയറക്ടർ ബോർഡുകളിലെ അംഗങ്ങളെ നോമിനേറ്റു ചെയ്യുന്നതിൽ എന്തെങ്കിലും ക്രയിറ്റീരിയാ ഉണ്ടോ ? ഉണ്ടെങ്കിൽ അത് എന്താണ് ?

ശ്രീമതി എം. കമലം : സഹകരണനിയമം 28 അനുസരിച്ചും 31 അനുസരിച്ചുമാണ് നോമിനേഷൻ നടപടികളും നടക്കാറുള്ളത്. അതായത് സഹകരണസ്ഥാപനങ്ങളിൽ ആ സംഘത്തിന്റെ പ്രവർത്തനങ്ങൾക്കും അഭിവൃദ്ധിക്കും വേണ്ടി കാര്യമായ സേവനം നടത്താൻ കഴിയുന്ന ആളുകളെയാണ് നോമിനേറ്റു ചെയ്യുന്നത്.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : പല സഹകരണസംഘങ്ങളിലും നോമിനേറ്റു ചെയ്യപ്പെട്ട അംഗങ്ങൾ സഹകരണവുമായി യാതൊരു ബന്ധവുമില്ലാത്തവരാണെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ ?

ശ്രീമതി എം. കമലം : അങ്ങനെ ഒന്നുണ്ടെന്ന് ഗവൺമെൻറ് കരുതുന്നില്ല.

ശ്രീ. വി. വി. ജോസഫ് : നമ്മുടെ സഹകരണസംഘങ്ങളിലെ ബൈലാകളിൽ ഗവൺമെൻറ് നോമിനികളെ നോമിനേറ്റു ചെയ്യുന്നതിനുള്ള പ്രൊവിഷൻ എടുത്തു കളഞ്ഞിട്ടും ഈ സെക്ഷൻ 31 അനുസരിച്ച് പല പ്രാഥമിക സഹകരണ സംഘങ്ങളിലും ഇപ്പോഴും പ്രൊവിഷനില്ലെങ്കിൽ തന്നെയും നോമിനേഷൻ നടത്തുന്ന പ്രവണത അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീമതി എം. കമലം : കഴിയുന്നതും സെക്ഷൻ 31 പ്രകാരമുള്ള നോമിനേഷൻ ചെയ്യരുതെന്നുള്ളതാണ് ഗവൺമെൻറിന്റെ നിലപാട്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ബഹുമാനപ്പെട്ട മന്ത്രി ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് ഇപ്പോൾ ഇവിടെ പറഞ്ഞു. ഒരു നിമിഷം മുമ്പ് ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞു ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് ആ അംഗങ്ങളെ തന്നെ ആ ബാങ്കിന്റെ ഭരണച്ചുമതല ഏൽപ്പിച്ചിട്ടുണ്ട് എന്ന്. ഈ രണ്ടും തമ്മിലുള്ള വൈരുദ്ധ്യം മനസ്സിലാക്കിക്കൊണ്ടാണോ ഈ സഭയിൽ സത്യവിരുദ്ധമായ പ്രസ്താവന ചെയ്യുന്നത്, അതിന് ഈ മന്ത്രി മാപ്പു പറയണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എം. കമലം : സത്യവിരുദ്ധമായി ഒന്നും ഞാൻ ഈ സഭയിൽ പറഞ്ഞിട്ടില്ല. നിലവിലുള്ള അംഗങ്ങൾ തുടരണമെന്ന നിർദ്ദേശമനുസരിച്ചാണ് ഇന്ന് അവിടെ ബാങ്ക് പ്രവർത്തിക്കുന്നത്.

ശ്രീ. ജോസ് കുറിയാനി : കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ നിലവിലുണ്ടായിരുന്ന ഭരണസമിതിയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളായ അഖിലേന്ത്യാ ജനതാ പാർട്ടിയിൽപ്പെട്ട ശ്രീമാൻ അഡ്വക്കേറ്റ് ശങ്കരൻ നമ്പ്യാരും മുസ്ലീംലീഗിലെ അഹമ്മദ് കുഞ്ഞിയും രാജിവച്ച ഒഴിവിലേക്ക് നിലവിലുള്ള സഹകരണ ആക്ടിന്റെ പ്രകാരവും അതുപോലെതന്നെ റൂൾസിന്റെ അടിസ്ഥാനത്തിലും ആ ബാങ്കിന്റെ ബൈലാ അനുസരിച്ചും ഈ ഒഴിവു വന്ന വേക്കൻസിയിലേക്ക് തെരഞ്ഞെടുപ്പു നടത്തുന്നതിന് ആവശ്യമായ തീരുമാനം ആ ബാങ്കിന്റെ ഭരണസമിതി എടുക്കുകയോ, എടുത്തതായി ഗവൺമെന്റിനെ അറിയിക്കുകയോ ചെയ്തിട്ടുണ്ടോ ?

ശ്രീമതി എം. കമലം : ഒരു വർഷം മുമ്പാണ് ശ്രീ. വി. വി. ശങ്കരൻ നമ്പ്യാർ അഡ്വക്കേറ്റ് ഈ ഡയറക്ടർ ബോർഡിൽ നിന്ന് രാജിവച്ചത്. ശ്രീ. അഹമ്മദ് കുഞ്ഞി അഖിലേന്ത്യാ മുസ്ലീം ലീഗിന്റെ പ്രതിനിധിയായിട്ടാണ് ഈ ബാങ്കിലേക്ക് തെരഞ്ഞെടുക്കപ്പെട്ടുവന്നത്. ഈ രണ്ടു അംഗങ്ങളുടെയും രാജി പുനഃസ്ഥാപിക്കുന്നതിനോ, വീണ്ടും മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിനോ ഒരു നടപടിയും ജില്ലാ ബാങ്ക് എടുത്തിട്ടില്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ കാസർകോട് ജില്ലാ ബാങ്ക് രൂപീകരിക്കാൻ ഇടയായ തീരുമാനത്തെ തുടർന്നാണ് ആ പ്രദേശത്തെ രണ്ടു മെമ്പർമാർ കാസർകോട് ബാങ്കിലേക്ക് പോയത് എന്നു സൂചിപ്പിക്കുകയുണ്ടായി. അതിന്റെ അർത്ഥം ഇവരെ രണ്ടു പേരെ അങ്ങോട്ട് മാറ്റിയത് ഗവൺമെന്റിന്റെ കൂടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് എന്നാണ്. അവിടെ ഒരു ബാങ്ക് നിലവിൽവന്നത് സർക്കാരിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. അതിന്റെ അടിസ്ഥാനത്തിൽ രണ്ടു മെമ്പർമാർ പോയിക്കഴിഞ്ഞാൽ ബാക്കി ഒൻപതു അംഗങ്ങളാണ് അവിടത്തെ അംഗസംഖ്യ എന്നും ആ ഒൻപതു അംഗസംഖ്യയിൽ ആറ് അല്ല കാറം എന്നുള്ളതും ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ ? അവിടെ കാറം നഷ്ടപ്പെട്ടിട്ടില്ല ; കാറം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് സർക്കാർ തീരുമാനം മുഖാന്തിരം ഉണ്ടായതാണ് എന്ന വസ്തുത മന്ത്രിക്ക് നിഷേധിക്കാൻ കഴിയുമോ ?

ശ്രീമതി എം. കമലം : കാസർകോട് ജില്ലാ ബാങ്ക് രജിസ്ട്രേഷനു ശേഷം കണ്ണൂർ ജില്ലാ ബാങ്കിന്റെ ജനറൽബോഡിയിൽ അവരുടെ കാറം തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചില്ല. ആ രണ്ടു അംഗങ്ങളുടെ പ്രാതിനിധ്യമുള്ള രണ്ടു താലൂക്കുകൾ, കാസർകോടും ഹോസ്ദുർഗും താലൂക്കുകൾ കാസർകോട് ജില്ലാ ബാങ്കിലേക്ക് പോയ അടിസ്ഥാനത്തിൽ ഈ രണ്ടു പേരുടെ അംഗത്വം അവസാനിച്ചതായി അവർ രേഖപ്പെടുത്തി. അതേസമയത്ത് അവരുടെ കാറത്തിന് എന്തു ചെയ്യണമെന്നുള്ള ഒരു തീരുമാനവും ജനറൽ ബോഡി കൈക്കൊണ്ടിട്ടില്ല.

വി. വി. ജോസഫ് : കണ്ണൂർ ജില്ലാസഹകരണ ബാങ്കിന്റെ അഡ്മിനിസ്ട്രേറ്ററായിരുന്ന ശ്രീ. മൊയ്തുവിനെ കൈയേറ്റം ചെയ്യാനും വധിക്കാനും ശ്രമിച്ച സംഭവം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആ കാര്യത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആ കേസ്സിന്റെ പ്രതികൾ ആരെല്ലാമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എം. കമലം : കണ്ണൂർ ജില്ലാ ജോയിൻറ് രജിസ്ട്രാറായിരുന്ന ശ്രീ. മൊയ്തുവിനെ മാർക്കമായി പരിഗ്ഗണിപ്പിക്കുകയും അദ്ദേഹം മണിക്കൂറുകളോളം ബോധരഹിതനായി കിടക്കുകയും ചെയ്തു എന്നതും രേവസ്തുതയാണ്. അദ്ദേഹം ആക്രമണവിധേയനായി. ബോധരഹിതനായി തലശ്ശേരി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. അതെ സംബന്ധിച്ചുള്ള കേസ്സിനെറ പ്രതികളെ ആരെയും പിടികിട്ടിയില്ല.

ശ്രീ. കെ. സി. ജോസഫ് : എന്റെ ചോദ്യം ആ കേസ്സിലെ പ്രതികൾ ആരെല്ലാമാണെന്നാണ് ?

ശ്രീമതി. എം. കമലം : പ്രതികൾ ആരാണെന്നുള്ളത് ആഭ്യന്തര വകുപ്പാണ് പറയേണ്ടത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട മന്ത്രി ഹൈക്കോടതിയിലെ ഒരു ജഡ്ജ്മെൻറ് ഇവിടെ പരാമർശിക്കുകയും അത് ഗവൺമെൻറിനെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് അടുത്തശ്വാസത്തിൽ പറയുകയും ചെയ്യുന്നത് കോർട്ടലക്ഷ്യമാണ്. കൺടെംപ്റ്റ് ഓഫ് കോർട്ട് അനുസരിച്ച് കുറ്റകരവും ശിക്ഷാർഹവുമാണ് എന്നുള്ള വിവരത്തോടുകൂടിയാണോ ഈ മറുപടി പറയുന്നത്.

ശ്രീമതി എം. കമലം : ബാങ്കിനെറ ഡയറക്ടർ ബോർഡിനു കാലാവധി ഇല്ലാതായപ്പോൾ അവിടെ ഒരു വാക്വം വന്നു. ഭൂരിപക്ഷം ഇല്ലാതെയായി. അപ്പോൾ അതിൻെറ ചുമതല കണ്ണൂർ ജില്ലാ ജോയിൻറ് രജിസ്ട്രാറെ ഏൽപ്പിച്ചു. ആറാണ് കാലാവധി. അഞ്ചെയുള്ളു. അപ്പോൾ അതേ നിവർത്തിയുള്ളു. അതു കോടതിയിൽ പിണറായി വിജയൻ ചോദ്യം ചെയ്തതിൻെറ ഫലമായി സ്റേ ചെയ്തതിനാൽ ആ സ്റേ അനുസരിച്ചാണ് അവർ തുടരുന്നത്. അല്ലാതെ ഗവൺമെൻറ് കോടതിയെ ലംഘിക്കുകയോ യാതൊരു പ്രകാരത്തിലും, നിയമ വിരുദ്ധമായി ഒന്നും ചെയ്യുകയോ ഉണ്ടായിട്ടില്ല.

ശ്രീ. കെ. പി. എ. മജീദ് : കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് വായ്പ വിതരണത്തിൽ തികഞ്ഞ രാഷ്ട്രീയ പരിഗണന മാത്രമാണ് നൽകിയിട്ടുള്ളത്. ഇതിനെ സംബന്ധിച്ച് ഗവൺമെൻറിനു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീമതി എം. കമലം : അങ്ങനെയൊക്കെ ഒരുപാട് പരാതികൾ ഉണ്ടായിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ : ഹൈക്കോടതി വിധിയനുസരിച്ചല്ലേ ഭരണം തുടരുന്നത് ? അല്ല നിങ്ങളുടെ ഹിതമനുസരിച്ചാണോ തുടരുന്നത്. അതു മാത്രം പറഞ്ഞാൽ കൊള്ളാം.

ശ്രീമതി എം. കമലം : ജില്ലാ ബാങ്കിനെറ മുൻപ്രസിഡൻറ് പിണറായി വിജയൻെറ കേസ്സിൻമേലുള്ള സ്റേയുടെ അടിസ്ഥാനത്തിലാണ് ഭരണം നടത്തുന്നത്.

ശ്രീ. പി. സീതി ഹാജി : ഭൂരിപക്ഷമില്ലാതെ കാലാവധി ഇല്ലാതെ ഒരു ബോർഡ് അധികാരത്തിൽ തുങ്ങിക്കിടക്കാൻവേണ്ടി സാങ്കേതികമായി കോടതിയുടെ സഹായം തേടുന്നത് ഓർഡറിലാണോ സർ ?

ശ്രീമതി എം. കമലം : അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ : ഗവൺമെന്റിന്റെ പ്രതിനിധികളെ, കോ-ഓപ്പ റേറീവ് ജോയിന്റ് രജിസ്ട്രാറെയൊക്കെയാണ് ഗവൺമെന്റിനുവേണ്ടി നോമിനേറ്റ് ചെയ്യുന്നത്. അങ്ങനെ ഗവൺമെന്റിനുവേണ്ടി നോമിനേറ്റ് ചെയ്യുന്ന ആളുകളെ രാജിവച്ചാൽ അതിന് പകരം ആളുകളെ നോമിനേറ്റ് ചെയ്ത് ആ സംഘത്തിന്റെ പ്രവർത്തനം സ്തംഭിപ്പിക്കാതിരിക്കാൻ നടപടി സ്വീകരിക്കാത്തതെന്താ ? അതല്ലേ ന്യായമായ മാർഗ്ഗം ?

ശ്രീമതി എം. കമലം : കണ്ണൂർ ജില്ലാ ബാങ്കിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ തന്നെ രാജിവച്ചുപോയ സ്ഥിതിക്ക് എന്ത് ചെയ്യണം. അവിടെ ഒരു ഗ്യാപ് വന്നു.

ശ്രീ. ബേബി ജോൺ : ഞാൻ പറഞ്ഞത് സഹകരണ സംഘത്തിലെ നിയമങ്ങളെ വച്ചുകൊണ്ട് നോമിനേറ്റ് ചെയ്യുന്ന മെമ്പർമാർ ഒരുപക്ഷേ രാജി വച്ചാൽ ഉടനടി തന്നെ മറ്റു മെമ്പർമാരെ നോമിനേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിച്ച് ആ സൊസൈറ്റിയുടെ സ്തംഭനം ഒഴിവാക്കുകയല്ലേ ഈ ഗവൺമെന്റ് ചെയ്യേണ്ടത് ? എന്തുകൊണ്ട് ആ നടപടികളെ സ്വീകരിക്കുന്നില്ല ?

ശ്രീമതി എം. കമലം : ബഹുമാനപ്പെട്ട ശ്രീ. ബേബി ജോൺ സാറു പറഞ്ഞതുപോലെ പല ബാങ്കുകളിലും അങ്ങനെ ചെയ്തിട്ടുണ്ട്. എട്ടോളം ബാങ്കുകളെ എന്റെ ശ്രദ്ധയിൽത്തന്നെ പെട്ടിട്ടുണ്ട്..... മറ്റു പല നിലയിലും കോടതിയിൽ പോകാതെയും ചെയ്തിട്ടുണ്ട്. നോമിനികളെ രാജിവച്ചുപോയ സ്ഥാനത്ത് ഉദ്യോഗസ്ഥൻമാരെ കൊടുത്തും മറ്റു നോമിനികളെ കൊടുത്തും ബാങ്കു നിലനിറുത്തിയ പാരമ്പര്യമേ ഈ ഗവൺമെന്റിനുള്ളു.

ശ്രീ. എ. സി. ഷൺമുഖദാസ് : കണ്ണൂർ ജില്ലാ ബാങ്കിൽ നോമിനികളെ രാജി വച്ചിട്ടുണ്ട്. എന്നാണ് രാജിവച്ചത് ? ഈ രാജിവച്ചവർക്ക് പകരം മറ്റുരണ്ടാളുകളെ നോമിനേറ്റു ചെയ്യാനുള്ള നടപടി സ്വീകരിക്കാതിരിക്കാൻ കാരണം എന്താണ് ?

ശ്രീമതി എം. കമലം : അതിനൊന്നും അവിടെ സാവകാശം ഉണ്ടായിരുന്നില്ല. രണ്ടുപേർ രാജിവച്ചു. തെരഞ്ഞെടുക്കപ്പെട്ട രണ്ടുപേർ ആദ്യം രാജിവച്ചു കാസർകോട് ജില്ലാ ബാങ്ക് വന്നപ്പോഴും 2-4 പേർ അങ്ങോട്ട് പോയി. അത് ഞാൻ ആവർത്തിച്ചു പറഞ്ഞു. ആറുപേർ പോയി. പതിനൊന്നാണ് ആകെ അംഗം. മൂന്നുപേർ നോമിനികളാണ്. കണ്ണൂർ ജില്ലാ ബാങ്കിന്റെ ബൈലാ അനുസരിച്ച് 3 പേർനോമിനികളും എട്ടുപേർ തെരഞ്ഞെടുക്കപ്പെട്ടവരുമാണ്. തെരഞ്ഞെടുക്കപ്പെട്ടവരിൽതന്നെ നാലുപേർ നഷ്ടപ്പെട്ടു. ആ സാഹചര്യത്തിൽ ഒരു വാക്കു വന്നു. ആ വാക്കു വന്നപ്പോഴെ പെട്ടെന്ന് രജിസ്ട്രാർക്ക് ചെയ്യാൻ കഴിഞ്ഞത് ചെയ്തു. ഓണം വരികയാണ്, ഒരുപാട് വായ്പകളെ കൊടുക്കണം. ഓണച്ചന്തകളെ നടത്തണം. ഇതൊക്കെ നടത്തുന്നതിന്, ഒരു ഭരണസ്തംഭനം ഒഴിവാക്കാൻ ഒരു പ്രതിസന്ധി ഒഴിവാക്കാനായി കോ-ഓപ്പറേറീവ് രജിസ്ട്രാർ ആ ജില്ലയിൽ തന്നെയുള്ള ജോയിന്റ് രജിസ്ട്രാർക്ക് താൽക്കാലികമായി പാർട്ട്ടൈം അഡ്മിനിസ്ട്രേറ്ററായി ചാർജു കൊടുത്തു. അതല്ലാതെ യാതൊരു അപാകതയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഒരുതരത്തിലുള്ള രാഷ്ട്രീയ പക്ഷപാതവും ഉണ്ടായിട്ടില്ല. ഭരണപക്ഷത്തെ സഹായിക്കാനോ പ്രതിപക്ഷത്തെ ബുദ്ധിമുട്ടിക്കാനോ ഉള്ള ഒരു നടപടിയും ഈ സർക്കാർ ചെയ്തിട്ടില്ല. ഞാൻ ആവർത്തിച്ചുപറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : ഞാൻ ചോദിച്ചത് രാജിവച്ച മെമ്പർക്കു പകരം നോമിനേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്നാണ് ?

ശ്രീമതി എം. കമലം : അതിനൊക്കെയുള്ള വിവേചനാധികാരം രജിസ്ട്രാർക്കുണ്ട്.

ശ്രീ. കെ കൃഷ്ണൻകുട്ടി : നാലരക്കൊല്ലമായി മന്ത്രി അനേക നോമിനേഷനൊക്കെ നടത്തി. അതിന്റെ ഫലം ഇപ്പോൾ അനുഭവിക്കുന്നുണ്ടല്ലോ ? ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ളവരൊക്കെതന്നെ ഈ നോമിനേഷൻ സമ്പ്രദായം അവസാനിപ്പിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. മന്ത്രിക്കും ഇത് ശരിയല്ല എന്ന തോന്നലൊക്കെ ഉണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ വരുന്ന ബില്ലിൽ ഈ നോമിനേഷൻ സമ്പ്രദായം എടുത്തുകളയാൻ ക്ലാസ്സുകൾ ഉൾപ്പെടുത്തുമോ ?

ശ്രീമതി എം. കമലം : ഈ സഭയ്ക്ക് പൂർണ്ണമായ അധികാരമുണ്ട്. ഭരണപക്ഷത്തും പ്രതിപക്ഷത്തും പ്രഗൽഭൻമാരായ സഹകാരികൾ ഇരിക്കുന്ന ഈ നിയമസഭ അങ്ങനെ ഒരു തീരുമാനം എടുത്താൽ അക്ഷരംപ്രതി നടപ്പിൽ വരുത്താൻ ഞാൻ തയ്യാറാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

അർബൻ ബാങ്കുകൾ

* 112. [114] ശ്രീ. സി. ടി. അഹമ്മദ് അലി :

,, എം പി. എം. ഇസ്ഹാക് കുരിക്കൾ :

,, പി. സീതിഹാജി :

,, പി. എം. അബൂബക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടണപ്രദേശങ്ങളിൽ എത്ര അർബൻ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) പുതിയ അർബൻ ബാങ്ക് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം)

(എ) ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന 52 ബാങ്കുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) നിലവിലുള്ള അർബൻ ബാങ്കുകൾക്കു പുറമേ സംസ്ഥാനത്തൊട്ടാകെ 16 പ്രദേശങ്ങളിൽ കൂടി അർബൻ ബാങ്കുകൾ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ പ്രാഥമിക സർവ്വേ റിപ്പോർട്ടുകൾ തയ്യാറാക്കാനുള്ള നടപടി സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly